സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

**ശബരിമല ദേവസ്വത്തിലെ 1199–ാമാണ്ടത്തെ (2023 –2024) അടിയന്തിരങ്ങളോടനുബന്ധിച്ച് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതിനുമുള്ള ടെന്റർ സംബന്ധിച്ച പൊതു നിബന്ധനകൾ/ സ്പെഷ്യൽ നിബന്ധനകൾ :**

ശബരിമല ദേവസ്വത്തിലെ 1199–ാമാണ്ടത്തെ (2023–2024) മണ്ഡലം – മകരവിളക്ക്, മേടവിഷു, മാസപൂജ ഉൾപ്പെടെയുള്ള മററ് അടിയന്തിരങ്ങളോടുനബന്ധിച്ച് വിശദപരസ്യത്തിൽ പറയുന്ന ഐററങ്ങൾക്ക് ടെന്റർ ക്ഷണിച്ച് ആൾ ഏർപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള വിശദപരസ്യത്തിലെ വ്യവസ്ഥകൾക്കും ചുവടെ ചേർത്തിട്ടുള്ള പൊതു നിബന്ധനകൾക്കും, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായാണ് ടെന്ററുകൾ സമർപ്പിക്കേണ്ടത്.

## പൊതു നിബന്ധനകൾ

1. മുദ്രവെച്ച ടെന്ററുകൾ **2/09/2023 പകൽ 12.30 ന്** മുൻപായി തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിതസമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെന്ററുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ അടക്കം ചെയ്ത കവറിന്റെ പുറത്ത് ഇന്ന ഐററത്തിലുള്ള ടെന്റർ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

2. ടെന്ററിനോടൊപ്പം അതാത് ഐററങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം പണമായോ, ശബരില എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവണ്ണം ഡിമാൻഡ് ഡ്രാഫ്ററായോ (ക്രോസ് ചെയ്ത്) അടക്കം ചെയ്തിരിക്കണം.

3. ടെന്ററുകൾ **2/09/2023 തീയതി പകൽ 2** മണിക്ക് ദേവസ്വം ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെയും അപ്പോൾ ഹാജരായിട്ടുള്ളവരുടെയും സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് തുറന്ന് പരിശോധിക്കുന്നതാണ്.

4. നിശ്ചിത നിരതദ്രവ്യം, ആവശ്യപ്പെടുന്ന രേഖകൾ എന്നിവ ഹാജരാക്കത്തവരുടെയും, സാമ്പിൾ ഹാജരാക്കേണ്ട ഇനങ്ങൾക്ക് ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. ടെന്ററിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ജി.എസ്.ടി.യും ഉപ്പെടെയുള്ളതായിരിക്കണം. ടി തുക ലേലസമയത്തുതന്നെ മൊത്തമായി ഒടുക്കുവരുത്തേണ്ടതാണ്.

6. പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും മററ് സാധനങ്ങൾ ശബരിമല ദേവസ്വം മെയിൻ സ്റ്റോറിലും സപ്ലൈ ചെയ്യേണ്ടതാണ്.

7. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.

8. ഏതെങ്കിലും ഐററം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.

9. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ, അതിലുപരിയോ ആയിരിക്കേണ്ടതാണ്.

10. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ഉടമ്പടിയോടൊപ്പം നിശ്ചയിച്ചിരിക്കുന്ന തുകയുടെ ബാങ്ക് ഗ്യാരന്റിയും കുത്തകക്കാരൻ ഹാജരാക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേററ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകാരനെ ക്ഷണിക്കുന്നതിനോ, മററ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും വീഴ്ചവരുത്തിയ ടെന്ററുകാരൻ മാത്രം പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.

11. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ആകെ വിലയുടെ 10% വരുന്ന തുകയോ സ്പെഷ്യൽ നിബന്ധനകളിലെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന സെക്യൂരിറ്റി തുകയോ എന്നിവയിൽ ഏതാണോ കൂടുതൽ ആയത് ക്യാഷായോ, ബാങ്ക് ഗ്യാരന്റിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ടെന്ററുകാരൻ സെക്യൂരിററി ആയി ഹാജരാക്കേണ്ടതാണ്.

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിന് കരാറിൽ ഏർപ്പെട്ട ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരമുണ്ട്. അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി മററുവിധത്തിൽ നടപടി സ്വീകരിക്കുന്നതും, തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാര അവകാശമുണ്ടായിരിക്കുന്നതാണ്.

14. കുത്തകക്കാർക്ക് / ടെന്ററുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

15. കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്..

16. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതികളുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

17.പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിററിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേററി ക്ലിയറൻസ് സർട്ടിഫിക്കററ് ഹാജരാക്കുന്ന മുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിററി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽ നിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ റവന്യൂ റിക്കവറി നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

18. **വഴിപാട് പ്രസാദ നിർമ്മാണത്തിന് കരാർ ഏറെറടുക്കുന്ന കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കററ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമായും കൈവശം സൂക്ഷിച്ചിരിക്കേണ്ടതാണ്.**

19. വഴിപാട് പ്രസാദ നിർമ്മാണത്തിന് ടെന്റർ സമർപ്പിക്കുന്നവർ കൂട്ട് ഒന്നിന് എന്ന ക്രമം വേണം തുക ക്വാട്ട് ചെയ്യേണ്ടത്.

20. ഉണ്ണിയപ്പം, അവൽ, മോദകം, വെള്ള നിവേദ്യം, ശർക്കര പായസം എന്നിവയുടെ കരാറുമായി ബന്ധപ്പെട്ട് ക്ഷണിക്കുന്ന ടെന്ററിൽ പങ്കെടുക്കുന്നവർ ടി മേഖലയിൽ മുൻ പരിചയമുള്ളവരും അവർ മുൻകാലങ്ങളിൽ പരാതി രഹിതമായി ആയത് പൂർത്തീകരിച്ചിട്ടുള്ളവരും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും ആയിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദേവസ്വം ബോർഡിന് അവരെ ഒഴിവാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

## 1 അവൽ : പാകം ചെയ്യുന്നതിനുള്ള കുത്തക

ശബരിമല ക്ഷേത്രനട തുറക്കുന്നതുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ പമ്പ ദേവസ്വത്തിലെ ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കീഴ്പതിവുപോലെ ജോലി നടത്തിക്കേണ്ടതാണ്.പാചകത്തിൽ പാകപ്പിഴ വരുന്നപക്ഷം അതുമൂലമുണ്ടാകുന്ന നഷ്ടം കുത്തകക്കാരിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഓരോയിനം വഴിപാട് തയ്യാറാക്കുന്നതിനാവശ്യമായ പാചകക്കാരെ എക്സിക്യൂട്ടീവ് ഓഫീസറുടെ നിർദ്ദേശമനുസരിച്ച് കുത്തകക്കാരൻ/ടെന്ററുകാരൻ ഏർപ്പാടു ചെയ്യേണ്ടതാണ്. ഇപ്രകാരം ഏർപ്പാടുചെയ്തുകൊണ്ടുവരുന്ന പാചകക്കാർക്ക് 8 മണിക്കൂർ ഷിഫ്ററ് കൊടുക്കേണ്ടതാണ്. പാചകക്കാർ **അവൽ** പാകം ചെയ്യുന്നതിന് പരിചയവും പ്രാപ്തിയും ഉള്ളവരായിരിക്കണം. മേൽപ്രകാരം ചെയ്യാതെ വീഴ്ചവരുത്തുകയും, വഴിപാടുകൾക്ക് തന്മൂലം ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ കൂടുതലായി വേണ്ടിവരുന്ന ആളുകളെ ജോലിക്ക് നിയോഗിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതും, അതിൽവച്ചുണ്ടാകുന്ന അധിക ചെലവിന് കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. വഴിപാട് സാധനങ്ങൾ തയ്യാറാക്കുന്നതിന് കുത്തകക്കാർ / ടെന്ററുകാർ ഏർപ്പെടുത്തുന്ന പാചകക്കാർക്ക് താമസ സൗകര്യവും ദേവസ്വം മെസ്സിൽ നിന്നും ആഹാരവും സൗജന്യമായി കൊടുക്കുന്നതാണ്..

വഴിപാടുകൾ ആവശ്യാനുസരണം രാപകൽ ഭേദമമന്യ തുടർച്ചയായി പാകം ചെയ്യേണ്ടതാണ്. കുത്തകക്കാരൻ ഏർപ്പെടുത്തുന്നവരിൽ ആരെങ്കിലും ജോലിക്ക് ഉദാസീനത

കാണിക്കുകയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശത്തെ അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതലിന് നഷ്ടം വരുത്തുകയോ ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ അവരെ നീക്കം ചെയ്ത് ഉടൻ കുത്തകക്കാരൻ പകരം ആളെ നിയോഗിക്കേണ്ടതാണ്. ആവക ചുമതലകൾ ദേവസ്വം ബോർഡിന് ഇല്ലാത്തതുമാകുന്നു.

.

**. ശബരിമല ദേവസ്വത്തിലെ എം.ഇ 1199 (2023-2024) മണ്ഡലം-മകരവിളക്ക്, മേടവിഷു മാസ പൂജകൾ ഉൾപ്പെടെയുള്ള മറ്റ് അടിയന്തിരങ്ങൾ എന്നിവ യോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് താൽപ്പര്യമുള്ള കോൺട്രാക്ടർ/ ഏജൻസികളിൽ നിന്നും മുദ്രവെച്ച ടെന്ററുകൾ ക്ഷണിക്കുന്നതിനുള്ള നിബന്ധന**

1199 ലെ കാലയളവിൽ ശബരിമല, പമ്പ, നിലയ്ക്കൽ പ്രദേശത്ത് ദേവസ്വം ബോർഡ്/സർക്കാർ തലങ്ങളിലെ യോഗങ്ങൾ, പൊതുപരിപാടികൾ ചേരുന്ന പക്ഷം ആയ തിന് ആവശ്യമായ ശബ്ദം, വെളിച്ചം ക്രമീകരണങ്ങൾ കുത്തകക്കാരന്റെ ചുമതലയിൽ തന്നെ ഏർപ്പെടുത്തേണ്ടതാണ്. ആയതിന് പ്രത്യേകം തുക ചെലവെഴുതി നൽകുന്നതല്ല.

ശബരിമല, പമ്പ, നിലയ്ക്കൽ ദേവസ്വങ്ങളിലേക്ക് ആവശ്യമായ ഉച്ചഭാഷിണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന തിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ആകെ തുക ആണ് ക്വാട്ട് ചെയ്യേണ്ടത്.

| | | |
|---|---|---|
| **ശബരിമല** | | |
| **നമ്പർ** | **പോയിന്റ്** | **ഉച്ചഭാഷിണി** |
| 1 | അപ്പർ തിരുമുററം | 9ബോക്സ്(150 വാട്ട്സ്) |
| 2 | പ്രസാദം ടിക്കററ് കൗണ്ടർ, 18 പടി, ഭസ്മക്കുളം, ഫ്ളൈ ഓവർ, മാളികപ്പുറം | 16 എണ്ണം (150 വാട്ട്സ്) |
| 3 | ബെയ്‌ലി പാലം. പോലീസ് ബാരക്ക് | 6 എണ്ണം (150 വാട്ട്സ്) |
| 4 | പാണ്ടിത്താവളം | 12 എണ്ണം (150 വാട്ട്സ്) |
| 5 | ചന്ദ്രാനന്ദൻ റോഡ്, മരക്കൂട്ടം, സ്വാമി അയ്യപ്പൻ റോഡ് | 24ബോക്സ്(150വാട്ട്സ്) |
| 6 | വലിയനടപ്പന്തൽ മുതൽ മരക്കൂട്ടം വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7 | വലിയനടപ്പന്തൽ ഭാഗത്ത് ആകെ | 12 എണ്ണം (200 വാട്ട്സ്) |
| 8 | വലിയനടപ്പന്തൽ സ്റ്റേജ് 5000 വാട്ട്സ് സൗണ്ട്സ് സിസ്ററം (8 മൈക്ക്, 4 കോഡ്ലസ്സ് മൈക്ക്, 5000 വാട്ട്സ് സ്പീക്കർ 5000 വാട്ട്സ് ആംപ്ലിഫയർ മിക്സർ, 16 ചാനൽ – 1000 വാട്ട്സ് | |
| **പമ്പ** | | |
| 1 | ഗണപതി ക്ഷേത്രപരിസരം | 8 എണ്ണം (150 വാട്ട്സ്) |
| 2 | ഗണപതി ക്ഷേത്രം താഴെ പടി മുതൽ പന്തളം രാജാകെട്ടി ടം വരെ | 8 എണ്ണം (150 വാട്ട്സ്) |
| 3 | ഗണിപതി ക്ഷേത്രം മുതൽ ത്രിവേണി പാലംവരെ | 16 എണ്ണം (150 വാട്ട്സ്) |
| 4 | ത്രിവേണി പാലം മുതൽ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 5 | മരാമത്ത് കെട്ടിടം മുതൽ ഹിൽടോപ്പ്വരെ | 16 എണ്ണം (150 വാട്ട്സ്) |
| 6 | പന്തളം രാജ കെട്ടിടം മുതൽ നിലിമല/ അപ്പാച്ചിമേട് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7 | പന്തളം രാജ കെട്ടിടം മുതൽ സ്വാമി അയ്യപ്പൻ റോഡ് മരകൂട്ടം വരെ | 22 എണ്ണം (150 വാട്ട്സ്) |
| 8 | ഗണപതി ക്ഷേത്രം ആഡിറ്റോറിയം 5000 വാട്ട്സ് സൗണ്ട് സിസ്റ്റം (6 മൈക്ക്, 2 | |

| | | |
|---|---|---|
| | കോഡ്ലസ് മൈക്ക്, 5000 വാട്ട്സ് സ്പീക്കർ, 5000 വാട്ട്സ് ആംപ്ലിഫയർ, മിക്സർ 10 ചാനൽ 1000 വാട്ട്സ് | |
| | **നിലയ്ക്കൽ** | |
| 1 | നിലയ്ക്കൽ ശിവ ക്ഷേത്രം, ദേവി ക്ഷേത്രം, പാർക്കിംഗ് ഭാഗം, സർവ്വീസ് റോഡ് | 80 എണ്ണം (150 വാട്ട്സ്) |
| 2 | നലിയനടപ്പന്തൽ സ്റ്റേജ് ഓഡിശ്ലോറിയം 3000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം (6 മൈക്ക്, 3000 വാട്ട്സ്) | |

ശബരിമല, പമ്പ ദേവസ്വങ്ങളിലെ വഴിപാട് പ്രസാദ നിർമ്മാണ വിതരണവുമായി ബന്ധപ്പെട്ടുള്ള ടെന്റ്ഡർ

| ക്രമനമ്പർ | ഇനം | നിരതദ്രവ്യം | സെക്യൂരിറ്റി | റിമാർക്സ് |
|---|---|---|---|---|
| 1. | **അവൽ പ്രസാദം** | 10,000/- | 25,000 | |
| 2. | **ഉച്ചഭാഷിണി** | 50,000/- | 1,00,000 | |

**ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി - 2/09/2023 പകൽ 12.30ന് മുൻപായി**

**ടെൻഡർ തുറന്നു പരിശോധിക്കുന്ന തീയതി - 2/09/2023 പകൽ 2.00 മണി മുതൽ**

Sd/-

18 -08-2023

**ദേവസ്വം കമ്മീഷണർ**

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003

ഫോൺ. 0471 2314288 ഇ മെയിൽ. dcotdb@gmail.com

## ടെൻഡർ ഫാം

ശബരിമല ദേവസ്വത്തിലെ 1198-ാമാണ്ടത്തെ (2023 - 2024) അടിയന്തിരങ്ങളോടനുബന്ധിച്ച് ശബരിമല, പമ്പ ദേവസ്വങ്ങളിലെ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനും വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും--------ൽ ആർ.ഒ.സി ---------- നമ്പർ പ്രകാരം പൊതു നിബന്ധന /സ്പെഷ്യൽ നിബന്ധന എന്നിവയിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ എന്നിവ പൂർണ്ണമായി പാലിച്ച് ചുവടെ വിവരിക്കുന്ന കുത്തക ആയതിനോടൊപ്പം രേഖപ്പെടുത്തിയിരിക്കുന്ന നിരക്കിൽ ഏറ്റെടുക്കുന്നതിന് തയ്യാറാണെന്ന് അറിയിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ശബരിമല എക്സിക്യൂട്ടീവ് ആഫിസിൽ നിന്നും നൽകുന്ന സപ്ലൈ ഓഡർ പ്രകാരം മുടക്കം കൂടാതെ സാധനങ്ങൾ സപ്ലൈ ചെയ്യാവുന്നതും, കുത്തകയുടെ സുഗമമായ നടത്തിപ്പിലേക്കായി നിശ്ചിത തുകയ്ക്ക് ബാങ്ക് ഗ്യാരണ്ടി ഹാജരാക്കി എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതാണെന്നും ഇതിനാൽ ബോധിപ്പിക്കുന്നു. ആയതിലേക്കായി ഹാജരാക്കേണ്ട നിരതദ്രവ്യം ഇതോടെപ്പം ചേർക്കുന്നു.

| | |
|---|---|
| വ്യക്തിയുടെ പേര്/ സ്ഥാപനത്തിന്റെ പേര് | |
| പൂർണ്ണമായ മേൽ വിലാസം | |

| | |
|---|---|
| | |
| ആധാർ നമ്പർ (ആധാർ കാർഡിന്റെ പകർപ്പ് സഹിതം) | |
| ഫോൺ നമ്പർ | |
| നിരതദ്രവ്യം | |
| ഇനം | |
| ഏകമാനം<br>(എണ്ണം/കിലോഗ്രാം/ലിറ്റർ/കൂട്ട്) | |
| തുക | |
| തുക അക്ഷരത്തിൽ | |

സ്ഥലം
തീയതി

ഒപ്പ്

പേര്